**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1294** **01-02-2024 - ൽ മറുപടിയ്ക്ക്**

**മുദിയം പാലം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബിയിൽ നിന്നും സാമ്പത്തിക അനുമതി ലഭിച്ച വള്ളിക്കുന്ന് മണ്ഡലത്തിലെ മുദിയം പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് കേരള റോഡ് ഫണ്ട് ബോർഡ്(കെ.ആർ.എഫ്.ബി) നിലവിൽ നടത്തി വരുന്ന പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | വള്ളിക്കുന്ന് നിയോജക മണ്ഡലത്തിലെ മുദിയം പാലം നിർമാണ പ്രവൃത്തിക്ക് 23.92 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽ നിന്നും ലഭിച്ചിട്ടുണ്ട്. നിലവിലെ ഡിസൈൻ പ്രകാരം പാലം നിർമ്മാണത്തിനും പരപ്പനങ്ങാടി ഭാഗത്ത് 90 മീറ്റർ ദൂരത്തിലും കടലുണ്ടി ഭാഗത്ത് 105 മീറ്റർ ദൂരത്തിലും അപ്രോച്ച് റോഡ് നിർമാണത്തിനും, 110 മീറ്റർ നീളത്തിൽ പരപ്പനങ്ങാടി ഭാഗത്ത് സർവീസ് റോഡ് നിർമാണത്തിനും അധിക ഭൂമി ഏറ്റെടുക്കേണ്ടത് അനിവാര്യമാണെന്ന് കണ്ടെത്തി. പ്രസ്തുത പദ്ധതിയിൽ ഭൂമി ഏറ്റെടുപ്പിനുള്ള തുക പ്രതിപാദിച്ചിട്ടില്ലാത്തതിനാൽ അധിക ഭൂമി മലപ്പുറം ജില്ലയിലെ തീരദേശ ഹൈവേയുടെ റീച്ച് 4-ൽ ഉൾപ്പെടുത്തി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | പ്രസ്തുത പാലത്തിന്റെ സാങ്കേതികാനുമതിക്കായുള്ള എസ്റ്റിമേറ്റ് ടെക്നിക്കൽ കമ്മിറ്റിയിൽ അവതരിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ബി) | പാലം നിർമാണത്തിന് ആവശ്യമായ CRZ ക്ലിയറൻസും സ്ഥല ലഭ്യത ഉറപ്പാക്കുന്നതിനുള്ള ലാൻഡ് അവൈലബിലിറ്റി സർട്ടിഫിക്കറ്റും ഉൾപ്പെടെയാണ് സാങ്കേതികാനുമതിക്കായുള്ള എസ്റ്റിമേറ്റ് ടെക്നിക്കൽ കമ്മിറ്റിയിൽ അവതരിപ്പിക്കുന്നത്. നിലവിൽ CRZ ക്ലിയറൻസിന് ആവശ്യമായ പാരിസ്ഥിതിക ആഘാത പഠന റിപ്പോർട്ട് ലഭ്യമാക്കുന്നതിന് ഡിസൈൻ വിങ്ങിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ